# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2307
# 12/02/2020 ലെ മറുപടിക്ക്

## <u>ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ</u>

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തിവികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ നൽകുന്നതിന് വിലയുടെ കാര്യത്തിലും ഗ്യാരണ്ടിയുടെ കാര്യത്തിലും ഏകീകൃത നിബന്ധനകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് PRICE Software ഉപയോഗിച്ചാണ്. ഭരണാനുമതിയ്ക്കും സാങ്കേതികാനുമതിയ്ക്കും ശേഷം ടെണ്ടർ ചെയ്താണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ മാർക്കറ്റ് നിരക്കുകൾ താരതമ്യം ചെയ്ത് പൊതുവായ ഒരു സ്പെസിഫിക്കേഷൻ/റേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പൊതുമരാമത്ത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ ആയത് തയ്യാറാക്കുകയും നിരക്കുകൾ PRICE Software ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ PRICE Software മുഖേനെയാണ് തയ്യാറാക്കുന്നത്. കൂടാതെ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ഒരു പ്രധാന ഇനമായ എൽ.ഇ.ഡി ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാറിന്റെ GeM (Government e Marketplace) പോർട്ടൽ വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം അംഗീകൃത ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ? | Electro Mechanical മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ച ഏജൻസികൾ വഴി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്. നിലവിൽ SILK, KEL എന്നീ ഏജൻസികൾക്ക് ഈ മേഖലയിൽ അക്രഡിറ്റേഷൻ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**